## ധനകാര്യം

### 2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വേട്ടെടുപ്പും

### സഭയുടെ വോട്ടിന് വേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013-14 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നം. | ധനാഭ്യർത്ഥനയുടെ പേര് | 21-3-2013-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| V | കാരഷികാദായ നികുതിയും വില്പന നികുതിയും | 66,56,38,000 | -- | 133,12,75,000 | -- | 133,12,75,000 |
| XXI | **ഭവന നിർമ്മാണം** | 37,26,85,000 | 103,54,00,000 | 74,53,69,000 | 207,08,00,000 | 281,61,69,000 |
| VI | **ഭൂനികുതി** | 136,07,54,000 | - | 272,15,09,000 | - | 272,15,09,000 |
| XI | **ജില്ലാഭരണവും പലവകയും** | 133,33,12,000 | - | 266,66,24,000 | - | 266,66,24,000 |
| XXVI | **പ്രകൃതിക്ഷോഭം മൂലമൂള്ള ദുരിതാശ്വാസത്തിന്** | 103,52,67,000 | - | 207,05,34,000 | - | 207,05,34,000 |

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2013-14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതി ക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI -ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2013-14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ.എം.കെ. മുനീർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

**ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന**

ധനകാര്യവും നിയമവും ഭവനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പ്രകൃതി ക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ:</u> ചർച്ചകൾ റദ്ദ് ചെയ്യുന്നു..... (ബഹളം)..... നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ ഒന്നും നിലനിൽക്കുന്നില്ല.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിലെ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-2014 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ......................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിട്ടുള്ള ലിസ്റ്റിലെ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-2014 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ......................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിട്ടുള്ള ലിസ്റ്റിലെ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു

നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-2014 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ......................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിട്ടുള്ള ലിസ്റ്റിലെ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-2014 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ......................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിട്ടുള്ള ലിസ്റ്റിലെ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-2014 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ......................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ജൂൺ 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.52-ന് പിരിഞ്ഞു).

*******